(ബി) ഇതിന്റെ ശാസ്ത്ര-സാങ്കേതിക ഗുണമേന്മകളെക്കുറിച്ച് വ്യക്തമായ തീരുമാനങ്ങളിൽ എത്തിയിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ച് സർക്കാർ എന്തുനിലപാടാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഈ തീരുമാനം പുനഃപരിശോധിക്കണമെന്നും ഇക്കാര്യത്തിൽ കൂടുതൽ പഠനങ്ങളും അഭിപ്രായ സമന്വയവും ഉണ്ടാകണമെന്നുമുള്ള നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ആഗോളതലത്തിൽതന്നെ ജനിതകവിളകളെ സംബന്ധിച്ച് ശാസ്ത്ര സമൂഹത്തിൽ വളരെ വിഭിന്നങ്ങളായ അഭിപ്രായങ്ങളും ആശങ്കകളും നിലനില്ക്കുകയാണ് ഇന്ത്യയിൽതന്നെ ശാസ്ത്ര-സാങ്കേതികശാസ്ത്ര സമൂഹത്തിലും സാമൂഹ്യശാസ്ത്ര പരിശോധനകളിലും ജനിതകവിളകളുടെ കാര്യത്തിൽ ഏകാഭിപ്രായം രൂപപ്പെട്ടിട്ടില്ല. എങ്കിലും സംസ്ഥാന സർക്കാർ ജനിതകവിത്ത് സംബന്ധിച്ച നിലപാട് സ്വീകരിച്ചത് ഇതുമായി ബന്ധപ്പെട്ട ദേശീയ-സംസ്ഥാന തലങ്ങളിലെ അറിയപ്പെടുന്ന വിദഗ്ദ്ധരുമായി ഇതിന്റെ ശാസ്ത്ര-സാങ്കേതികശാസ്ത്ര പ്രശ്നങ്ങളും സാദ്ധ്യതകളും ഒപ്പംഇതുമായി ബന്ധപ്പെട്ട സാമൂഹികവും പാരിസ്ഥിതികവും സാമ്പത്തികവുമായ എല്ലാ വശങ്ങളെക്കുറിച്ചും വിശദമായ ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ്. ഇത് സംബന്ധിച്ച് സർക്കാർ കൂടുതൽ ചർച്ചകളും പരിശോധനകളും നടത്തിവരികയാണ്.

(ബി-ഡി) ഇതിന്റെ ഗുണമേന്മകളെക്കുറിച്ചും ദോഷങ്ങളെക്കുറിച്ചും ഭിന്ന അഭിപ്രായങ്ങൾ ശാസ്ത്രസമൂഹത്തിൽതന്നെ നിലനിൽക്കുന്നു. ഇതിലുപരി ഇതിന്റെ ജൈവ സുരക്ഷിതത്വം പൂർണ്ണമായി ഉറപ്പുവരുത്താതെ കേരളംപോലെ ജൈവവൈവിധ്യ കലവറയായ ഒരു സംസ്ഥാനത്ത് നടപ്പിലാക്കുന്നത് യുക്തിസഹമല്ല.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടികൾ

29 (*29) ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നിലവിലുള്ള അവശ്യസാധന നിയമം ഭേദഗതിചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതുമൂലമുണ്ടാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിലക്കയറ്റം തടയുന്നതിന്, നിത്യോപയോഗ സാധനങ്ങൾ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) എത്ര കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചത് ; പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ;

(ഇ) വിലക്കയറ്റം തടയുന്നതിന് വിപണി ഇടപെടലിനായി പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ഒരു ഉപഭോക്തൃസംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ അവശ്യ സാധനങ്ങൾക്ക് ഉണ്ടാകുന്ന ദൗർലഭ്യം, ഉൽപ്പാദനക്കുറവ്, പ്രതികൂല കാലാവസ്ഥ, എന്നിവയും ഇന്ധനവില വ്യത്യാസം, അന്താരാഷ്ട്ര വിപണന വ്യത്യാസം എന്നിവയും വിലവർദ്ധനവിന് ഇടയാക്കാറുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽസപ്ലൈസ് കോർപ്പറേഷൻമുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ മാർക്കറ്റിടപെടൽ പദ്ധതിതന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷൻതലത്തിൽ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതനുസരിച്ച്,

1. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

2. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകൾവഴിയും 12.70 രൂപയ്ക്ക് പുഴുക്കലരിയും പച്ചരിയും വിതരണം ചെയ്തുവരുന്നു.

3. പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, ബോധന, പച്ചരി)ക്ക് കിലോ ഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

4. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ വിലയ്ക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിന് പുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 9 മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള ആവശ്യമായ വാഹനങ്ങൾ വാങ്ങിക്കഴിഞ്ഞു. ഇവ ഈ മാസം മുതൽ പ്രവർത്തനം ആരംഭിക്കും. നിലവിൽ ഇത്തരം 8 മൊബൈൽ മാവേലികൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. 4 വർഷംമുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 52 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ ഒരു കോടിയിലധികമായി ഉയർന്നു. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാകുന്നതിന്റെയും സപ്ലൈകോയിൽ ജനങ്ങൾ കൂടുതലായി വിശ്വാസമർപ്പിക്കുന്നു വെന്നതിന്റെയും വ്യക്തമായ തെളിവാണ്.

6. ശാസ്ത്രീയമായ സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുകവഴി എല്ലാ വിൽപ്പനശാലകളിലും എല്ലാ സമയത്തും അവശ്യസാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി, ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

7. ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം സപ്ലൈകോയിൽ ഏർപ്പെടുത്തുകവഴി പൊതുവിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.

8. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻകാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

9. ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുവാനായി റേഷൻകടകൾവഴി ഫോർട്ടിഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

10. എ.ആർ.ഡി. ശബരിസ്റ്റോറുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ വഴിയും നിത്യോപയോഗസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. മേൽപ്പറഞ്ഞ നടപടികൾവഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു.

11. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP-യേക്കാളും ശരാശരി 3-7% വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP-ൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

12. പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ. കായം, വാളൻപുളി എന്നിവ 'ശബരി' എന്ന പേരിൽ വിപണിയിൽ വില്പന നടത്തിവരുന്നു.

13 ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവ കാലചന്തകൾ നടത്തിവരുന്നു. വരുന്ന ഓണക്കാലത്ത് എല്ലാ നിയോജകമണ്ഡലങ്ങളിലും പ്രത്യേക ഓണച്ചന്തകൾ/ഫെയറുകൾ ഉണ്ടായിരിക്കും.

14. ലേബർ ബ്യൂറോ ഓഫ് ഇൻഡ്യ പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചിക പ്രകാരം വിലനിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

15. പച്ചക്കറികളുടെ വിലയിൽ ഉണ്ടായേക്കാവുന്ന വിലവർദ്ധനവ് തടയുന്നതിലേക്കായി സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും ഫീപ്പിൾസ് ബസാറുകളിലും എല്ലായിനം പച്ചക്കറികളും പൊതുവിപണി വിലയേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തിവരുന്നുണ്ട്.

16. സബ്സിഡി നൽകി പഞ്ചസാര 25 രൂപാ നിരക്കിൽ വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ പൊതുജനങ്ങൾക്ക് 10 മുതൽ 15 രൂപാ വരെ നിരക്കിൽ ഊണ് നൽകുന്നതിന് മാവേലി ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ബി.പി.എൽ./എ.എ.വൈ. വിഭാഗത്തിൽപ്പെട്ട എല്ലാ കാർഡുടമകൾക്കും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി ആശ്രയ കുടുംബങ്ങൾക്കും അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്കും 2 രൂപാ നിരക്കിൽ അരിയും ഗോതമ്പും നൽകിവരുന്നു.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) 337 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്ര അനുമതി ലഭിച്ചിട്ടില്ല.

(ഇ) വിപണി ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് നോൺ പ്ലാൻ ഫണ്ടിൽനിന്നുമാണ് തുക അനുവദിക്കാറുള്ളത്. ഈ സാമ്പത്തിക വർഷം (2010-11) 74.31 കോടി രൂപ അനുവദിച്ചതിൽനിന്നും 73.62 കോടി രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly